# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4905 18.12.2014 - ൽ മറുപടിക്ക്

## കേന്ദ്രസഹായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വർക്കല കഹാർ | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| ശ്രീ. സി. പി. മുഹമ്മദ് | : | (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| ശ്രീ. വി. ഡി. സതീശൻ | : | |
| ശ്രീ. കെ. ശിവദാസൻ നായർ | : | |

| | | | |
|---|---|---|---|
| (എ) | 2014 - 2015 - ൽ റോഡുകളുടെ വികസനത്തിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ ; | (എ), & (ബി), | ലഭിച്ചിട്ടുണ്ട്. 2014 - 2015 സാമ്പത്തിക വർഷം കേന്ദ്ര മന്ത്രാലയം കേരളത്തിലെ ദേശീയപാതകളുടെ വികസനത്തിന് 500 കോടി രൂപയുടെയും, പാലങ്ങൾക്കും അവയുടെ അനുബന്ധ പ്രവൃത്തികൾക്കുമായി 107.15 കോടി രൂപയുടെയും പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2014 - 2015 സാമ്പത്തിക വർഷം ദേശീയപാത പ്ലാൻ സ്കീമിൽ 224 കോടി രൂപയ്ക്കും, നോൺ പ്ലാനിൽ (മെയിന്റനൻസ് റിപ്പയറിംഗിന്) 73.97 കോടി രൂപയ്ക്കും, സി. ആർ. എഫിൽ 54.60 കോടി രൂപയ്ക്കും ഇന്റർ സ്റ്റേറ്റ് കണക്ടിവിറ്റിയിൽ 20.56 കോടി രൂപയ്ക്കുമുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്രസഹായം സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ; | | |

| | | | |
|---|---|---|---|
| (സി) | എത്ര റോഡുകളുടെ വികസനത്തിനാണു ധനസഹായം ലഭിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ ; | (സി) & (ഡി) | പ്രസ്തുത ഫണ്ട് അനുവദിച്ചിരിക്കുന്നത് സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ദേശീയപാതകളുടെ വികസന പ്രവൃത്തികൾക്കും / ഉപരിതലം പുതുക്കുന്നതിനും സി. ആർ. എഫ് പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന ഫണ്ട് സംസ്ഥാന / ജില്ലാ റോഡുകളുടെ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾക്കും ആണ്. നിലവിൽ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി 30 റോഡുകളുടെയും ഒരു പാലത്തിന്റെയും പ്രവർത്തികൾ സി. ആർ. എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നു. 2015 അവസാനത്തോടുകൂടി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത റോഡുകളുടെ പണി എത്രനാൾക്കകം പൂർത്തിയാക്കാനാണു ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ? | | |

സെക്ഷൻ ഓഫീസർ